


ബ്ര. ജോബിൻ കോലോത്ത്

ആരാധനാ ക്രമവത്സരത്തിലെ നോമ്പുകാലത്തിലെ ഒന്നാം ഞായറാഴ്ചയാണിന്ന്. മത്തായിയുടെ സുവിശേഷത്തിന്റെ ആദ്യഭാഗത്ത് എന്നെ ഈശോ ദൈവപുത്രനാണ് എന്ന യാഥാർത്ഥ്യം സുവിശേഷകൻ ഊട്ടിയുറപ്പിക്കുകയാണ്. ഈശോയുടെ ജ്ഞാനസ്നാനവേളയിൽ സ്വർഗ്ഗത്തിൽ നിന്നും ഈശോയെപ്പറ്റിയുള്ള പിതാവായ ദൈവത്തിന്റെ സാക്ഷ്യപ്പെടുത്തൽ നാം കാണുന്നുണ്ട്. "ഇവൻ എന്റെ പ്രിയ പുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (മത്താ 3:17). പിശാചിന്റെ മേൽ വിജയം വരിച്ച് സകല തിന്മകളുടെയും ആധിപത്യം തകർത്ത് ദൈവപുത്രനായ ഈശോ തന്നിലൂടെ പൂർത്തിയാകേണ്ട രക്ഷാകരപദ്ധതി ആരംഭിക്കുവാനായി ഒരുങ്ങുന്നു. ഓരോ പ്രലോഭനത്തിന്റെ വേളയിലും അതിന്റെ മേൽ വിജയം വരിക്കുന്ന ഈശോയിൽ അവിടുത്തെ ദൈവപുത്രസ്ഥാനമാണ് തെളിഞ്ഞുവരിക.

ജ്ഞാനസ്നാനവേളയിൽ പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ഈശോയുടെ മേൽ ഇറങ്ങി വന്നു. തുടർന്ന് വചനം പറയുന്നത്; "അനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതിന് യേശുവിനെ ആത്മാവ് മരുഭൂമിയിലേക്ക് നയിച്ചു. പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതിനായി ദൈവാത്മാവാണ് ഈശോയെ മരുഭൂമിയിലേക്ക് നയിക്കുന്നത്. ഒരു പക്ഷേ ഇതൊരു വിരോധാഭാസമായി തോന്നാം. പരീക്ഷകളും പരീക്ഷണങ്ങളും എല്ലാ ജീവിതത്തിലും ഉണ്ടാകും. അപ്പോൾ നാം മറക്കരുത്, നമ്മെ നയിക്കുന്ന ദൈവാത്മാവ് നമ്മുടെ കൂടെയുണ്ടെന്ന സത്യം. ദൈവാരൂപിയുടെ നിയന്ത്രണത്തിന് നാം സ്വയം വിട്ടുകൊടുക്കണം.

നാൽപതുദിവസത്തെ ഉപവാസം കഴിഞ്ഞപ്പോൾ യേശുവിനു വിശന്നു. മനുഷ്യന്റെ ഏറ്റവും പ്രാഥമികമായ ആവശ്യമാണ് ഭക്ഷണം. വളരെ

സ്വാഭാവികമായ ആഗ്രഹമാണ് വിശപ്പ്. നമ്മുടെ ഏറ്റവും പ്രാഥമികമായ ആവശ്യത്തിന്മേലാണ് പലപ്പോഴും പ്രലോഭനങ്ങൾ ആരംഭിക്കുക. ആദിമാതാപിതാക്കൾക്കുണ്ടായ പ്രലോഭനവും പഴത്തിനുവേണ്ടി, ഭക്ഷണത്തിനു വേണ്ടിയുള്ളതായിരുന്നു. അങ്ങനെ ഭക്ഷണം മൂലം പാപത്തിൽ വീണ മനുഷ്യനെ രക്ഷിക്കാൻ സ്വയം അവന് ഭക്ഷണമായി അപ്പമാകാൻ വന്നവനാണ് ഈശോ. അപ്പമാകാൻ വന്ന ഈശോയുടെതന്നെ ആദ്യത്തെ പ്രലോഭനം കല്ലിനെ അപ്പമാക്കാൻ - ആത്മീയതയെ സ്വന്തം സുഖസൗകര്യങ്ങൾക്കും സാമ്പത്തിക വളർച്ചക്കുമുള്ള മാർഗ്ഗമാക്കാനുള്ള പ്രലോഭനം.

നമ്മുടെയൊക്കെ ആത്മീയ ജീവിതത്തിൽ ഒരു പരിശോധന നടത്താനുള്ള ക്ഷണമാണ് ഈശോയ്ക്കുണ്ടായ പ്രലോഭനങ്ങളെ ധ്യാനിക്കുന്നതുവഴി തിരുസ്സഭ നമുക്ക് നൽകുക. നമ്മുടെ ജീവിതങ്ങളുടെ പ്രലോഭന സാഹചര്യങ്ങളെ നാം തിരിച്ചറിയണം. ഇതിനുള്ള ഓർമ്മപ്പെടുത്തൽ ആണ് നാം ഇന്ന് ആരംഭിക്കുന്ന നോമ്പുകാലം. ജീവിതത്തിൽ മാറ്റേണ്ടവയെ മാറ്റാൻ നമുക്ക് സാധിക്കണം. ആഗ്രഹിക്കുന്ന നന്മയല്ല ആഗ്രഹിക്കാത്ത തിന്മയാണ് ഞാൻ ചെയ്യുന്നതെന്ന പൗലോസ് അപ്പസ്തോലന്റെ വചനം നമ്മെ സംബന്ധിച്ചും ശരിയാണ്. ഒരുവൻ സുഹൃത്തിനോട് ചോദിച്ചു: 'എന്താ നിന്റെ ചെവി പൊള്ളിയിട്ടുണ്ടല്ലോ?' അയാൾ പറഞ്ഞു: 'എന്തുചെയ്യാനാ തുണി ഇസ്തിരിയിട്ടുകൊണ്ടിരുന്നപ്പോഴാണ് ഫോൺ ബെല്ലടിച്ചത്. ഫോൺ ആണെന്നു കരുതി തേപ്പുപെട്ടിയാണ് ചെവിയിൽ വച്ചത്. സുഹൃത്ത് അപ്പോൾ ചോദിച്ചു; മറ്റേ ചെവിയിലും പൊള്ളിയിട്ടുണ്ടല്ലോ അയാൾ പറഞ്ഞു; ആ ദ്രോഹി പിന്നെയും ഫോൺ വിളിച്ചു. പ്രിയപ്പെട്ടവരേ, ആഗ്രഹം ഫോണെടുക്കാനാണെങ്കിലും എടുക്കുന്നത് അയൺ ബോക്സ്. നമ്മുടെയൊക്കെ ജീവിതങ്ങളിലും വ്യക്തമായ ബോധ്യങ്ങളോടെ നല്ല തീരുമാനങ്ങളെടുക്കുവാനും പാപങ്ങളും പ്രലോഭനങ്ങളുമൊക്കെ നമ്മിലേൽപ്പിക്കുന്ന പൊള്ളലുകളിൽ നിന്ന് വിമുക്തരാകാനും നോമ്പുകാലം നമ്മെ ആഹ്വാനം ചെയ്യുന്നു.

മനുഷ്യരുടെ മുമ്പിൽ കഴിവ് തെളിയിക്കാനും ആദരവും പ്രശസ്തിയുമൊക്കെ നേടാനുള്ള പ്രലോഭനമാണ് രണ്ടാമത്തെ പ്രലോഭനം. മരണത്തിന്റെ മൂന്നാം നാൾ അടക്കപ്പെട്ട കല്ലറയിൽ നിന്ന് മഹത്വീകൃതനായി ഉയർത്ത യേശുവാണ് ദേവാലയ ഗോപുരത്തിന്റെ മുകളിൽ നിന്നും ചാടാൻ തയാറാകാഞ്ഞത്. കഴിവുകളെ തന്റെ കാര്യസാധ്യത്തിനു വേണ്ടിയല്ല മറ്റുള്ളവർക്ക് ഉപകാരപ്പെടുന്ന രീതിയിൽ ഉപയോഗിക്കണമെന്ന് നമ്മെ പഠിപ്പിക്കുന്നു തിരുവചനം.

ആരാധിക്കേണ്ടത് ദൈവത്തെയാണെന്നും ദൈവത്തെ മാത്രമാണെന്നുമാണ് അവസാനത്തെ പ്രലോഭനത്തെ കീഴടക്കിയ ഈശോ പ്രഖ്യാപിക്കുക. ജീവിതത്തിൽ ദൈവത്തെക്കാൾ ഉപരി സമ്പത്തിനും വസ്തുവകകൾക്കും സുഖസൗകര്യങ്ങൾക്കുമൊക്കെ പ്രാധാന്യം കൊടുക്കുമ്പോൾ യേശുവിന്റെ പാതയിൽ നിന്നു നാം വഴിമാറുന്നു. ഈശോയുടെ ജീവിതത്തിൽ ഈ പ്രലോഭനങ്ങൾ ഉണ്ടായെങ്കിൽ നമ്മുടെ ആത്മീയ ജീവിതത്തിലും പ്രലോഭനങ്ങളും പരീക്ഷണങ്ങളും ഉണ്ടാകുമെന്നത് സ്വാഭാവികമാണ്. അവയെയൊക്കെ വിജയിച്ച് മുന്നേറണമെങ്കിൽ ആത്മീയ ജീവിതത്തിൽ ചില തിരഞ്ഞുനോക്കലുകൾ കൂടിയേ തീരൂ. പിന്നോട്ടു കൂടി തിരിഞ്ഞു നോക്കിയാലെ നമ്മുടെ സഞ്ചാരത്തിന്റെ ഗതി നമുക്ക് വ്യക്തമാകൂ.

ഒരു ഗ്രാമത്തിലെ ഒരു നമ്പൂതിരിയുടെ ആഗ്രഹമായിരുന്നു ആനപ്പുറത്ത് കയറുക എന്നത്. അങ്ങനെ ഇരിക്കെ ഒരാന ഗ്രാമത്തിലൂടെ വരികയും നമ്പൂതിരിക്ക് ആനപ്പുറത്ത് കയറാൻ ഭാഗ്യം ലഭിക്കുകയും ചെയ്തു. എന്നാൽ വലിയ ആഹ്ലാദം മൂലം ആന മുമ്പോട്ടു പോകുമ്പോൾ മുമ്പോട്ട് ഇരിക്കുന്നതിനു പകരം പുറകിലേക്ക് തിരിഞ്ഞാണ് ഇരുന്നത്. ഇതുകണ്ട എല്ലാവരും നമ്പൂതിരിയോട് പറഞ്ഞു തിരിഞ്ഞിരിക്ക് എന്നാലെ ആനയെ നിയന്ത്രിക്കാൻ സാധിക്കൂ. ഇതുകേട്ട നമ്പൂതിരി പറഞ്ഞു ഞാൻ തിരിയില്ല വേണമെങ്കിൽ ആന തിരിയട്ടെ.

പ്രിയപ്പെട്ടവരേ നോമ്പുകാലം തിരിഞ്ഞുനോക്കാനും സാഹചര്യങ്ങളെ പഴിക്കാതെ സ്വയം തിരുത്താനും മാറാനുമുള്ള അവസരവും ഓർമ്മപ്പെടുത്തലുമാണ്. നോമ്പുകാലത്തിലൂടെ നമ്മുടെ ജീവിതങ്ങളെ ഒന്നുകൂടി ആത്മശോദന ചെയ്ത് ദൈവത്തിങ്കലേക്ക് അടുപ്പിക്കാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. ●